# DIOCESE OF MANDYA

Bishop’s House, Kalenahalli P.O, Mandya, Karnataka, India

Email: dioceseofmandya@gmail.com

## ഇടയലേഖനം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവതീ യുവാക്കളേ, വാത്സല്യ കുഞ്ഞുമക്കളേ,

എല്ലാവർക്കും എന്റെ സ്നേഹാശംസകൾ. ആഗസ്റ്റ് 30ന് അവസാനിച്ച നമ്മുടെ സഭയുടെ സിനഡിന്റെ തീരുമാനപ്രകാരം ഞാൻ എറണാകുളംഅങ്കമാലി അതിരൂപതയിൽ സേവനമനുഷ്ഠിക്കാൻ നിയുക്തനായിരിക്കുകയാണ്. കഴിഞ്ഞ നാലു വർഷക്കാലം എനിക്കും നമ്മുടെ മണ്ഡ്യ രൂപതക്കും നിങ്ങൾ നൽകിയ സ്നേഹത്തിനും സഹകരണത്തിനും നന്ദി പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

2015 ഒക്ടോബർ 18-ാം തീയതിയാണ് മണ്ഡ്യ രൂപതയുടെ പിതാവായി ഞാൻ നിങ്ങളുടെ ഇടയിലേക്ക് കടന്നു വന്നത്. നാല് ജില്ലകളിലായി പരമാവധി 5000 സീറോ മലബാർ വിശ്വാസികൾ മാത്രമുണ്ടായിരുന്ന മണ്ഡ്യരൂപത 6 ജില്ലകൾ ഉൾപ്പടുന്ന ബാംഗ്ലൂർ റീജിയൺ കൂടി കൂട്ടിച്ചേർത്ത് ഒരു ലക്ഷത്തിലധികം വിശ്വാസികൾ ഉള്ള രൂപത ആയിത്തീർന്ന അവസരത്തിലാണ് ഞാൻ നമ്മുടെ രൂപതയുടെ ചുമതല ഏറ്റെടുത്തത്.

ഹിങ്കൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന എന്റെ മെത്രാഭിഷേക ശുശ്രൂഷ മുതൽ ഞാൻ നിങ്ങളുടെ സ്നേഹം അനുഭവിക്കുകയായിരുന്നു. കഴിഞ്ഞ നാലു വർഷങ്ങൾ നമ്മൾ ഒരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ധാരാളം ദൈവാനുഗ്രഹങ്ങൾ നമ്മുടെ രൂപതക്ക് ലഭിക്കുകയുണ്ടായി. പുതിയതായി 11 ഇടവകകളും 9 മാസ് സെന്ററുകളും നമുക്ക് ഉണ്ടായി. 9 പുതിയ പള്ളികൾ കൂദാശ ചെയ്യപ്പെട്ടു. 3 പള്ളികളുടെ നിർമ്മാണം ഉടൻ പൂർത്തിയാവും. ബാംഗ്ലൂരും മണ്ഡ്യയിലുമായി നമ്മൾ 3 സ്കൂളുകൾ തുടങ്ങി. ബിഷപ്സ് ഹൗസിനോട് ചേർന്ന് നമ്മൾ ആരംഭിച്ച മൈനർ സെമിനാരിയിൽ ഇപ്പോൾ 19 ബ്രദേഴ്സ് പരിശീലനം നടത്തുന്നു. 4 മിഷൻ സ്റ്റേഷനുകളിൽ നമ്മൾ പുതിയ പ്രോജക്ടുകൾ ആരംഭിച്ചു.

ഇന്ന് രൂപതക്കു വേണ്ടി പട്ടം സ്വീകരിച്ച 14 വൈദികരും രൂപതയിൽ സേവനം ചെയ്യുന്ന 75 വൈദികരും അനേകം സന്യസ്തരും നമ്മുടെ രൂപതയുടെ വളർച്ചക്ക് വേണ്ടി വളരെ പരിമിതമായ സൗകര്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. എന്റെ പ്രയത്നങ്ങളല്ല മറിച്ച് സ്നേഹ സമ്പന്നരായ ദൈവജനത്തിന്റെ അകമഴിഞ്ഞ പിന്തുണയും വൈദികരുടേയും സമർപ്പിതരുടേയും കഠിനാദ്ധ്വാനവുമാണ് ഇക്കാലയളവിൽ രൂപത കൈവരിച്ച എല്ലാ നേട്ടങ്ങളുടേയും അടിസ്ഥാനം. നിങ്ങളുടെ സ്നേഹത്തിനും സമർപ്പണത്തിനും മുൻപിൽ നിറഞ്ഞ മനസ്സോടെ ഞാൻ കൈകൾ കൂപ്പുന്നു. വാക്കുകൾ കൊണ്ടോ പ്രവൃത്തികൾ മൂലമോ നിങ്ങളെ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ആത്മാർത്ഥമായി മാപ്പു ചോദിക്കുന്നു.

നിങ്ങളുടെ പ്രാർത്ഥന ഏറ്റവുമധികം ആവശ്യമുള്ള നാളുകളാണ് എന്നെ കാത്തിരിക്കുന്നത്. 5 ലക്ഷത്തോളം ദൈവജനവും മുന്നൂറിലധികം പള്ളികളും അഞ്ഞൂറോളം വൈദികരുമുള്ള സീറോ മലബാർ സഭയിലെ ഏറ്റവും വലിയ അതിരൂപതയിലേക്കാണ് ഞാൻ സേവനത്തിനായി പോകുന്നത്. മണ്ഡ്യരൂപതയിൽ വിവിധ രൂപതകളിൽ നിന്നുള്ള നാമെല്ലാവരും ഒരു കുടുംബമായി ജീവിച്ച് ഈശോക്ക് സാക്ഷ്യം വഹിച്ചതുപോലെ ഞാൻ ശുശ്രൂഷ ചെയ്യാൻ നിയുക്തമായിരിക്കുന്ന എറണാകുളം - അങ്കമാലി അതിരൂപതയിലും സ്നേഹത്തിന്റെയും ഒരുമയുടേയും സാക്ഷ്യമായിത്തീരാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം; എന്നെ

അനുഗ്രഹിക്കണം.

നമ്മുടെ രൂപതയെ നയിക്കാൻ നിയുക്തനായിരിക്കുന്നത് അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവാണ്. നീണ്ട 17 വർഷത്തെ രൂപതാ ഭരണ പരിചയവുമായിട്ടാണ് പിതാവ് നമ്മുടെ രൂപതയിലേക്ക് വരുന്നത്. മിഷൻ പ്രദേശങ്ങളും കേരളത്തിലെ ഏതാണ്ട് എല്ലാ രൂപതകളിൽ നിന്നുള്ള വിശ്വാസികളും സമർപ്പിതരും വൈദികരും ചേർന്ന് വൈവിധ്യങ്ങളാൽ സമൃദ്ധമായ മണ്ഡ്യരൂപത പുതിയ പിതാവിനെ ഏറ്റവും സ്നേഹത്തോടെ ഹൃദയത്തോട് ചേർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എറണാകുളം - അങ്കമാലി അതിരൂപതയിൽ ആയിരിക്കുമ്പോഴും മണ്ഡ്യരൂപതയോട് ഒത്തിരി സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചിട്ടുള്ള പ്രിയപ്പെട്ട എടയന്ത്രത്ത് പിതാവിന് ഞാൻ എല്ലാവിധ പ്രാർത്ഥനകളും ഭാവുകങ്ങളും നേരുന്നു.

അവസാനമായി നിങ്ങളോട് ഒരു കാര്യത്തിനു കൂടി നന്ദി പറയട്ടെ. ആഗസ്റ്റ് 11-ാം തിയതിയിലെ ഇടയലേഖനത്തിലൂടെ എന്റെ അഭ്യർത്ഥന പ്രകാരം നിങ്ങളെല്ലാവരും കേരളത്തിലെയും കർണ്ണാടകയിലെയും പ്രളയബാധിതരായ നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ മുന്നോട്ട് വന്നു. ഇതുവരെയുള്ള കണക്കനുസരിച്ച് നമ്മൾ 5 ലോഡ് അവശ്യസാധനങ്ങൾ കൂർഗ്, മാനന്തവാടി, നിലമ്പൂർ, കവളപ്പാറ പ്രദേശങ്ങളിൽ വിതരണം ചെയ്തു. നിങ്ങൾ ഔദാര്യത്തോടെ  തന്ന ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും പ്രത്യേകം കിറ്റുകളിലാക്കി നമ്മുടെ വിശ്വസ്തരായ വോളണ്ടിയേഴ്സിന്റെയും ഈ പ്രദേശത്തുള്ള പള്ളികളുടേയും സഹായത്തോടെ ദുരിത ബാധിതർക്ക് നേരിട്ട് ഇതിനകം തന്നെ എത്തിച്ചു കൊടുത്തിട്ടുണ്ട്. പണമായി നമുക്ക് ആകെ ലഭിച്ചത് 2,16,500 രൂപയാണ്. ഇതിൽ  65,000 രൂപ ട്രാൻസ്പോർട്ടേഷൻ, സോർട്ടിംഗ്, ലോഡിംഗ് എന്നിവക്കായി ചിലവായി. 74,000 രൂപക്കു കൂടി നമ്മൾ ഭക്ഷ്യവസ്തുക്കൾ വാങ്ങി നൽകി. ഇനി 77,500 രൂപ കൂടി ബാക്കിയുണ്ട്. ഒരാഴ്ചക്കകം ഈ തുക മുഴുവനും ദുരിത ബാധിതർക്ക് ഏറ്റവും പ്രയോജനപ്രദമായ രീതിയിൽ തന്നെ ചിലവാക്കുന്നതാണ്. കഷ്ടതയനുഭവിക്കുന്നവർക്കു വേണ്ടി ഇനിയും കരുണയുടെ കരങ്ങൾ നീട്ടാൻ ദൈവം നിങ്ങൾക്ക് സമൃദ്ധി നൽകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പ്രിയമക്കളേ, ഒരിക്കൽ കൂടി നിങ്ങളോട് യാത്ര പറയുകയാണ്. എന്നോടൊപ്പം തോളോട് തോൾ ചേർന്ന് നിന്ന് പ്രവർത്തിച്ച വൈദിക സഹോദരങ്ങളേയും സമർപ്പിതരേയും ദൈവജനത്തേയും നന്ദിയോടെ ഓർത്ത് കൊണ്ട് നിങ്ങളെ എല്ലാവരേയും ഞാൻ നമ്മുടെ രൂപതയുടെ മധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് ഭരമേൽപ്പിക്കുന്നു. പ്രിയപ്പെട്ട സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനും മണ്ഡ്യരൂപതക്കും എന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

ആന്റണി കരിയിൽ പിതാവ്

**ഈ ഇടയലേഖനം സെപ്റ്റംബർ 1-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.**